**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു ഖനനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പുരാവസ്തു ഖനനങ്ങളുടെ എണ്ണം, അവയുടെ പ്രധാന കണ്ടെത്തലുകൾ എന്നിവ വിശദമാക്കാമോ; പുതിയ ഖനനങ്ങൾ ആരംഭിക്കാൻ വകുപ്പ് പരിഗണിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാരിന്റെ കാലയളവിൽ പുരാവസ്തുവകുപ്പ് നടത്തിയ 15 ഉത്ഖനന – ശാസ്ത്രീയ പരിശോധനകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഫറോക്ക് കോട്ടയിൽ തുടർ ഉത്ഖനനം നടത്തുന്നത് വകുപ്പിന്റെ പരിഗണനയിലാണ്. കണ്ണൂർ ജില്ലയിലെ മാടായിൽ 'കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്'മായി സഹകരിച്ച് പുതിയ ഉത്ഖനനം നടത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. മാടായിയിൽനിന്നും ഒമ്പത്-പത്ത് നൂറ്റാണ്ടുകളിലെ കന്മുത്തുകൾ, സ്ഫടികമുത്തുകൾ, പശ്ചിമേഷ്യൻ മൺപാത്രക്കഷ്ണങ്ങൾ തുടങ്ങിയ ധാരാളം പുരാവസ്തുക്കൾ വകുപ്പിന്റെ ഉപരിതലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. വളാഞ്ചേരി – പറമ്പത്തുകാവിലെ ശാസ്ത്രീയ പരിശോധന

മലപ്പുറം, വളാഞ്ചേരി പറമ്പത്തുകാവിലെ പുരാവശേഷിപ്പുകളുടെ ശാസ്ത്രീയ പരിശോധന നടത്തി. ഇരുമ്പുയുഗ മഹാശിലാ സംസ്കാരശേഷിപ്പായ ചെങ്കൽ ഗുഹ (Iron age – Megalithic Rock-cut chamber), കാൽക്കുഴികൾ (post holes), കപ്പ് അടയാളങ്ങൾ (cut marks), ഭൂതല കൊത്തുചിത്രങ്ങൾ (geoglyphs), കാവ് ആരാധനയുമായി ബന്ധപ്പെട്ട കളിമൺ വഴിപാട്ടു രൂപങ്ങൾ (Terracotta votive figurines), എന്നിവയാണ് പറമ്പത്തുകാവിലെ പ്രധാന പുരാവശേഷിപ്പുകൾ. കളിമൺ രൂപങ്ങളും മധ്യകാലത്തെ മേച്ചിലോടായ മാടോടിന്റെ കഷണങ്ങളും ലഭിക്കുകയുണ്ടായി. പറമ്പത്തുകാവിലെ പ്രധാന പുരാവശേഷിപ്പുകൾ അസംഖ്യം കാൽക്കുഴികളാണ്. ഏക്കർ കണക്കിന് വിസ്തൃതിയിൽ ചെറുതും വലുതുമായ നൂറ് കണക്കിന് കാൽക്കുഴികൾ ഇവിടെ കണ്ടെത്തി. ഇന്ത്യയിലെ മറ്റ് ഭൂതല കൊത്തു ചിത്രങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നവയാണ് പറമ്പത്തുകാവിലെ ഭൂതല കൊത്തുചിത്രങ്ങൾ.

### 2. കോഡൂർ താനിക്കൽ ചെങ്കൽ ഗുഹ ശാസ്ത്രീയ പരിശോധന

മലപ്പുറം പെരിന്തൽമണ്ണ കോഡൂർ താനിക്കൽ പാലുംകുന്നിൽ നിർമ്മാണത്തിനിടെ കണ്ടെത്തിയ ഗുഹയിൽ മണ്ണ് നീക്കം ചെയ്തു നടത്തിയ പരിശോധനയിൽ മൺപാത്രങ്ങളും ഇരുമ്പായുധങ്ങളും ലഭിച്ചു. മഹാശിലാ സംസ്കാര സ്ഥാനങ്ങളിൽ നിന്നും കിട്ടുന്ന തരത്തിലുള്ള നാലുകാലുള്ള മൺപാത്രങ്ങൾ, വലിയ വാവട്ടമുള്ള ഭരണികൾ, തെരികകൾ എന്നിവയാണ് ലഭിച്ച പ്രധാന ഇനങ്ങൾ. ഞെട്ടുള്ള കത്തി, കത്തിയുടെ കഷണങ്ങൾ, ദണ്ഡുകൾ, ഉളികൾ എന്നിങ്ങനെ എഴ് ഇരുമ്പായുധങ്ങളും ഇവിടെ നിന്നും കണ്ടെത്തി. കല്ലിൽ കൊത്തിയുണ്ടാക്കിയിരിക്കുന്ന കട്ടിൽ സവിശേഷതകൾ ഉള്ളതാണ്. ഇന്ന് ഉപയോഗിക്കുന്ന തരത്തിലുള്ള കാലുകളിൽ നിർമ്മിച്ച ഇവിടുത്തെ കട്ടിലിനു സമാനമായത് മറ്റെവിടെ നിന്നെങ്കിലും കണ്ടെത്തിയതായി കാണുന്നില്ല.

### 3. ചേർമല ഗുഹ പരിശോധന

കോഴിക്കോട് ജില്ലയിലെ പോരാമ്പ്ര ചേർമലയിലെ ചെങ്കൽ കുന്നിന്റെ മുകൾ ഭാഗത്ത് കിഴക്കേ ചെരിവിലെ പാറയിൽ പ്രകൃതി പ്രതിഭാസങ്ങളാൽ രൂപപ്പെട്ട വലിയ ഗുഹാസങ്കേതം പരിശോധിച്ചു. ഡോലൈനെന്നും സിങ്ക് ഹോളുകളെന്നും വിളിക്കപ്പെടുന്ന ഇത്തരം തുരങ്കങ്ങൾ വെള്ളത്തിന്റെ ഒഴുക്കുകൊണ്ട് കാലാന്തരത്തിൽ രൂപപ്പെട്ടുവരുന്നതാണ്. ഗുഹാപരിശോധനയ്ക്ക് മുമ്പ് നടത്തിയ ഉപരിതലസർവ്വേയിൽ സൂക്ഷ്മശിലായുധങ്ങളെന്ന് കരുതാവുന്ന ചെറുകല്ലുകളും കൽച്ചീളുകളും ലഭിക്കുകയുണ്ടായി. ശാസ്ത്രീയ പരിശോധനയുടെ പ്രധാന നേട്ടം ഗുഹയുടെ അന്തർഭാഗത്തേക്കുള്ള വലിയ അറ കണ്ടെത്തിയതും അതിലേക്ക് പ്രവേശനം സാധ്യമാക്കിയതുമാണ്. ചെങ്കല്ലിൽ രൂപപ്പെടുന്ന ഇത്തരം തുരങ്ക സമാന അറകൾ വടക്കൻ കേരളത്തിലെ പല പാറകളിലും കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇത്ര വിശാലമായ പാറപ്പൊത്ത് ഇത് ആദ്യമാണ്. വലിപ്പവും ഘടനയുമാണ് ഈ ഗുഹയെ വ്യത്യസ്തമാക്കുന്നത്.

### 4. അരിക്കുളം കാളിയത്തുമുക്ക് ചെങ്കൽ ഗുഹ പരിശോധന

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ അരിക്കുളം വില്ലേജിലെ കാളിയത്തുമുക്കിൽ കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ നടത്തിയ പരിശോധനയിൽ നിരവധി പുരാവശേഷിപ്പുകൾ ലഭിച്ചു. രണ്ട് അറകളിൽ നിന്നായി 34 മൺപാത്രങ്ങളാണ് ലഭിച്ചത്. ഭരണികൾ, കുടങ്ങൾ, കാലുള്ള ഭരണികൾ, തെരികകൾ എന്നിവയാണ് മൺപാത്രങ്ങൾ. ശവസംസ്കാര സംബന്ധിയല്ലാത്ത (non sepulchral) സ്മാരകങ്ങളുടെ ഗണത്തിൽ വരുന്നതാണ് ഈ ഗുഹയെന്നാണ് നിഗമനം.

**5. കൂടല്ലൂർ ചെങ്കൽ ഗുഹാ പരിശോധന**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ ആനക്കര വില്ലേജിൽ കൂടല്ലൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി. മൂന്ന് അറകളുള്ള ഗുഹയിൽ നിന്ന് തവിട്ടുപൂശിയ ചായം തേച്ച പാത്രങ്ങൾ, ചുവപ്പ് പാത്രങ്ങൾ, ഇരുമ്പുപകരണങ്ങൾ, അസ്ഥിക്കഷ്ണങ്ങൾ എന്നിവയാണ് ലഭിച്ച പുരാവസ്തുക്കൾ.

**6. ഏഴിമല കോട്ട ശാസ്ത്രീയ പരിശോധന**

കണ്ണൂർ ജില്ലയിലെ ഏഴിമല കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ആരംഭിച്ചു. കാടുവെട്ടിത്തെളിച്ച് നിർമ്മിതികൾ സുരക്ഷിതമാക്കി, നാലുകൊത്തളങ്ങളോടുകൂടിയ ദീർഘചതുരാകൃതിയിലുള്ള കോട്ടയുടെ വടക്ക് കിഴക്കേ കൊത്തളത്തിനു മുകളിൽ ഒരു വോൾട്ടഡ് ചേംബർ പരിശോധനയിൽ കണ്ടെത്താനായി. ഉപരിതല പരിശോധനയിൽ നാണയങ്ങൾ ഉൾപ്പടെ വിലപ്പെട്ട തെളിവുകളും ലഭ്യമായിട്ടുണ്ട്.

**7. വളയക്കിണർ ശാസ്ത്രീയ പരിശോധന**

മലപ്പുറം ജില്ലയിലെ തിരൂർ, പുറത്തൂർ, മഠത്തിൽപ്പടി എന്ന സ്ഥലത്ത് കണ്ടെത്തിയ കളിമൺ വളയക്കിണർ ശാസ്ത്രീയ പരിശോധന നടത്തി. 14 വളയങ്ങളാണ് ഉണ്ടായിരുന്നത്. 160 സെ.മീറ്റർ. ആഴമുള്ള ഈ കിണറിന്റെ ഏകദേശം പത്തോളം വളയങ്ങൾ രൂപഭംഗം വരാതെ വീണ്ടെടുത്ത് കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിലെത്തിച്ച് സംരക്ഷിച്ചു. കേരളത്തിൽ നിന്ന് കണ്ടെത്തിയ വളയക്കിണറുകളിൽ ഏറ്റവും വടക്കേ അറ്റത്തുള്ളതാണ് പുറത്തൂരിലെ വളയക്കിണർ. ഭാരതപ്പുഴയുടെ തീരത്തെ ഉറപ്പുകുറഞ്ഞ വയൽ പ്രദേശത്ത് കൃഷി ആവശ്യത്തിനുവേണ്ടിയോ കുടിവെള്ളത്തിന്റെ ആവശ്യത്തിനുവേണ്ടിയോ ആവാം ഈ കിണർ നിർമ്മിക്കപ്പെട്ടത്. വളയങ്ങൾ ഒന്നിനുമുകളിൽ ഒന്നായി അടുക്കിവെച്ചാണ് കിണർ നിർമ്മിച്ചിരിക്കുന്നത്. ഇവ തമ്മിൽ ഉറപ്പിക്കുന്നതിന് യാതൊരുവിധ ചാന്തുകളും ഉപയോഗിച്ചിരുന്നില്ല. കിണറിന്റെ അടിഭാഗത്തുനിന്ന് മധ്യകാലത്തിലെ ഏതാനും പാത്രങ്ങളുടെ പൊട്ടിയ കഷണങ്ങളും ലഭിച്ചു. ലഭിച്ച പാത്രങ്ങളുടെ അടിസ്ഥാനത്തിൽ വളയക്കിണറിന് 0–500 ഏകദേശം 40 വർഷം പഴക്കമുണ്ടെന്ന് അനുമാനിക്കുന്നു.

**8. ഫറോക്ക് കോട്ട ഉത്ഖനനം**

കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പു സുൽത്താന്റെ കോട്ട നിലനിന്നിരുന്ന സ്ഥലത്ത് ഉപരിതലപരിശോധനയും ഉത്ഖനനവും നടത്തുകയുണ്ടായി. ചെങ്കൽ ഗുഹ, ചുറ്റുഗോവണി മാതൃകയിലുള്ള പടവുകളോടുകൂടിയ കിണർ, കൊത്തളങ്ങൾ, കിടങ്ങുകൾ, കോട്ടമതിൽ എന്നിവയാണ് കണ്ടെത്തിയിട്ടുള്ള കോട്ടയുടെ ഭാഗങ്ങൾ. നാണയമൂശ, ഡച്ച് കാലഘട്ടത്തിലെ നാണയം, ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നാണയങ്ങൾ, വെടിക്കോപ്പുകൾ, ഈയത്തിൽ തീർത്ത വെടിയുണ്ടകൾ, തീക്കല്ല്, ഇരുമ്പാണികൾ, പല തരത്തിലുള്ള ചൈനീസ് പാത്രക്കഷണങ്ങൾ, മാടോട് എന്നിവയാണ് ഉത്ഖനനത്തിലൂടെ ലഭിച്ച മറ്റ് പുരാവസ്തുക്കൾ.

ഉത്ഖനനത്തിൽനിന്നും കണ്ടെടുത്തിട്ടുള്ള വസ്തുക്കൾ മുഖ്യമായും പതിനെട്ട്പത്തൊമ്പത് നൂറ്റാണ്ടുകളിലേതാണെന്ന് കരുതുന്നു. കൂടാതെ, മൈസൂർ ഭരണാധികാരികൾ നിർമ്മിച്ച മറ്റു കോട്ടകളുടെ അതേ നിർമ്മാണ ശൈലിയിൽത്തന്നെയാണ് ഫറോക്ക് കോട്ടയുടെ നിർമിതിയും നടന്നിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു. കോട്ടയുടെ വടക്കുകിഴക്ക് ഭാഗങ്ങൾ പരിശോധിച്ചപ്പോൾ ഹൈദരലിയുടെ പാലക്കാട് കോട്ടയിലെ ചില ഘടനകളുമായി സമാനതകൾ ഉള്ളതായി കാണാം. മറ്റൊരു പ്രധാന കണ്ടെത്തൽ ചെങ്കല്ലിലുള്ള ഭൂഗർഭ അറയെ സംബന്ധിച്ച നിലവിലെ ധാരണ തിരുത്തുന്നതായിരുന്നു. ഈ ഭൂഗർഭ അറ വെടിമരുന്ന് സൂക്ഷിക്കാനുള്ള ഇടമായാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ ഉത്ഖനനപരിശോധനകൾക്കു ശേഷം ഇത് ടിപ്പുവിന്റെ ഫറോക്ക് നാണയക്കമ്മട്ടം ആയി പ്രവർത്തിച്ചിരുന്ന ഇടമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഈ സൈറ്റിൽ തുടർന്നും പരിശോധനകളും ഉത്ഖനനങ്ങളും നടത്തിയാൽ മാത്രമേ കൂടുതൽ വസ്തുക്കൾ വെളിച്ചത്ത് കൊണ്ടുവരാൻ കഴിയുകയുള്ളൂ.

### 9. നടുവട്ടം നാഗപറമ്പ് ചെങ്കൽ ഗുഹാ പരിശോധന

മലപ്പുറം ജില്ലയിലെ നടുവട്ടം നാഗപറമ്പ് എന്ന സ്ഥലത്ത് കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ വകുപ്പ് ശാസ്ത്രീയ പരിശോധന നടത്തി. കുടങ്ങൾ, ഭരണികൾ, തെരികകൾ, കോപ്പകൾ എന്നിങ്ങനെ 24 മൺപാത്രങ്ങളും ഞെട്ടുള്ള കത്തി ഉൾപ്പെടെ 4 ഇരുമ്പ് ഉപകരണങ്ങളും പരിശോധനയിൽ കണ്ടെത്തി.

### 10. നെന്മേനി കുപ്പക്കൊല്ലി പെട്ടിക്കല്ലറ ഉത്ഖനനം

വയനാട് ജില്ലയിലെ നെന്മേനി കുപ്പക്കൊല്ലി പ്രദേശത്ത് മണ്ണ് മാറ്റുന്നതിനിടയിൽ കണ്ടെത്തിയ പെട്ടിക്കല്ലറ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി.

### 11. നൊച്ചാട് – ചേനോളി ചെങ്കൽ ഗുഹാ ഉത്ഖനനം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ നൊച്ചാട് – ചേനോളി പ്രദേശത്ത് കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ ശാസ്ത്രീയ പരിശോധന പൂർത്തിയാക്കി. മൂന്ന് അറകളുള്ള ഈ ചെങ്കൽ ഗുഹയിൽ നിന്ന് മൺപാത്രങ്ങളുൾപ്പെടെ പുരാവസ്തുക്കൾ വീണ്ടെടുത്തു.

### 12. ചീമേനി അരിയിട്ടപാറയിലെ പുരാതത്വ പര്യവേക്ഷണം

കാസർകോട് ജില്ലയിലെ ചീമേനിയ്ക്കടുത്ത് അരിയിട്ടപാറയിലെ അഞ്ച് ഏക്കറോളം വരുന്ന പ്രദേശത്ത് വകുപ്പ് നടത്തിയ പുരാതത്വ പര്യവേക്ഷണത്തിൽ ചെങ്കൽപാറകളിലെ കൊത്തുചിത്രങ്ങളും മഹാശിലാ സ്മാരകങ്ങളും കണ്ടെത്തുകയുണ്ടായി.

**13. മുടിക്കോട് ബ്രിട്ടീഷ് ട്രാൻസിറ്റ് ജയിലിന്റെ പരിശോധനയും ഡോക്യുമെന്റേഷനും**

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പന്തല്ലൂർ വില്ലേജിൽ മുടിക്കോട് എന്ന സ്ഥലത്തെ ബ്രിട്ടീഷ് ജയിലിന്റെ ശാസ്ത്രീയ പരിശോധനയും ഡോക്യുമെന്റേഷനും പൂർത്തിയാക്കി.

**14. പട്ടർകുളം കുടക്കല്ല് – ശാസ്ത്രീയ പരിശോധനയും സംരക്ഷണവും.**

മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ സവിശേഷമായി പരാമർശിച്ച മഹാശിലാ സ്മാരകമാണ് മഞ്ചേരി പട്ടർകുളത്തുള്ള കുടക്കല്ല്. വയൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കരിങ്കല്ലിലുള്ള മൂടിക്കല്ലോടുകൂടിയതുമായ ഈ സ്മാരകം തകർച്ചയുടെ വക്കിലായിരുന്നു. ഈ സ്മാരകം വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുകയും തുടർന്ന് സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കുകയുമായിരുന്നു. മൂടിക്കല്ല് മാറ്റിയ ശേഷം സ്മാരകത്തിനു ചുറ്റുമുള്ള മണ്ണ് ശാസ്ത്രീയമായി നീക്കം ചെയ്തു പരിശോധിച്ചു .അതിനു ശേഷം കുത്തുകല്ലുകൾ ഉയർത്തി ഉറപ്പിച്ച് അതിനുമുകളിൽ മൂടിക്കല്ല് തിരികെ സ്ഥാപിച്ചു.

**15. മാണിമൂലയിലെ ചെങ്കൽഗുഹ പരിശോധനയും ഉത്ഖനനവും**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ ബന്തടുക്ക മാണിമൂലയിലെ ചെങ്കൽഗുഹ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി ഉത്ഖനനം പൂർത്തിയാക്കി. ഇവിടെ നിന്നും വ്യത്യസ്ത തരം മൺപാത്രങ്ങൾ, അസ്ഥിശകലങ്ങൾ, മുത്തുകൾ, ഇരുമ്പുപകരണങ്ങൾ തുടങ്ങിയവ കണ്ടെടുക്കുകയുണ്ടായി.